പതിനാലാം കേരള നിയമ സഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *8 28.10.2019- ൽ മറുപടിക്ക്

## ദേശീയപാത വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ. ശശീന്ദ്രൻ<br>ശ്രീ. എം. സ്വരാജ്<br>ശ്രീ. വി. ജോയി<br>ശ്രീ. എം. രാജഗോപാലൻ | ശ്രീ. പിണറായി വിജൻ<br>(മുഖ്യ മന്ത്രി) |
| (എ) സംസ്ഥാനത്തെ ദേശീയപാത വികസനത്തിന് നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ; ഭൂമി ഏറ്റെടുക്കുന്നതിന് വരുന്ന ചെലവിന്റെ പങ്കുവഹിക്കണമെന്ന വ്യവസ്ഥയുടെ അടിസ്ഥാന ത്തിൽ ആയതിനായി വക-യിരുത്തിയിരിക്കുന്ന തുകയെത്ര യെന്ന് അറിയിക്കുമോ;<br>(ബി) നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്താൻ നടത്തി വരുന്ന ഇടപെടലുകൾ എന്തൊക്കെയാണെന്ന് വ്യക്ത-മാക്കാമോ; | (എ) & (ബി) സംസ്ഥാനത്തെ ദേശീയപാതാ വികസനത്തിനായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുകയാണ്. പ്രസ്തുത പ്രവൃത്തിക്ക് **3425.096** ഹെക്ടർ ഭൂമി ആവശ്യമാണ്. ഇതിൽ **1986.369** ഹെക്ടർ ഭൂമി സർക്കാരിന്റെ കൈവശം ഉണ്ട്. ബാക്കി **1438.737** ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഏറ്റെടുക്കേണ്ട ഭൂമിയിൽ **659.557** ഹെക്ടർ ഭൂമിക്ക് 3A നോട്ടിഫിക്കേഷനും,**548.192** ഹെക്ടർ ഭൂമിക്ക് 3D നോട്ടിഫിക്കേഷനും,**302.163** ഹെക്ടർ ഭൂമിക്ക് 3G നോട്ടിഫിക്കേഷനും പുറപ്പെടുവിച്ചിട്ടുണ്ട്. ദേശീയപാത 66 ന്റെ 45 മീറ്ററിൽ വീതികൂട്ടൽ പ്രവൃത്തി 27 പാക്കേജുകളായി വിഭജിച്ചിരിക്കുന്നു. രാജ്യത്തെ ദേശീയപാത വികസന പദ്ധതികളെ മുൻഗണനാക്രമം അനുസരിച്ച് High-1,High-2 എന്നിങ്ങനെ രണ്ടായി തിരിക്കുന്നതായും, High-2 ഇനത്തിൽപെട്ട പദ്ധതികളിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ (3D നോട്ടിഫിക്കേഷൻ,3G നോട്ടിഫിക്കേഷൻ, നഷ്ടപരിഹാരത്തുക വിതരണം ) തുടരേണ്ടതില്ലെന്നും ദേശീയപാത അതോറിറ്റി ചെയർമാൻ **02.05.2019** ലെ കത്ത് പ്രകാരം ദേശീയപാത അതോറിറ്റിയുടെ റീജിയണൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. കേരളത്തിലെ പാക്കേജുകൾ High-2 ഇനത്തിലാണ് ഉൾപ്പെടുത്തിയിരുന്നത് .തുടർന്ന് പ്രസ്തുത വിഷയത്തിൽ സംസ്ഥാന |

സർക്കാർ ഇടപെടുകയും മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പ് മന്ത്രിയും കേന്ദ്രമന്ത്രിയുമായി ചർച്ച നടത്തുകയും കത്ത് അയക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ മുൻഗണന High-1 ലേക്ക് മാറ്റുന്നതിനും തയ്യാറായി. തുടർന്ന് ദേശീയപാത 66 ന്റെ വീതികൂട്ടൽ പ്രവൃത്തിക്കായുള്ള ഭൂമി ഏറ്റെടുക്കലിന് ആവശ്യമായി വരുന്ന (കെട്ടിടങ്ങൾ,മരങ്ങൾ, തുടങ്ങിയ സ്ഥാവര വസ്തുക്കളുടെ നഷ്ടപരിഹാരം അടക്കം) തുകയുടെ 25% തുക സംസ്ഥാന ഗവൺമെന്റ് വഹിക്കണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിക്കുകയും അത് സംസ്ഥാനം അംഗീകരിച്ച് 08.08.2019 ന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഇതനുസരിച്ച് കേന്ദ്ര ഉപരിതലഗതാഗത വകുപ്പും സംസ്ഥാന പൊതുമരാമത്ത് വകുപ്പും തമ്മിൽ 03.10.2019 ന് ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തു. NH 66 ന്റെ മൊത്തം ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി 5500 കോടിയോളം രൂപ സംസ്ഥാനം വഹിക്കേണ്ടി വരുമെന്നാണ് പ്രാഥമികമായി കണക്കാക്കിയിരിക്കുന്നത്.

(സി) കോഴിക്കോട്-കൊല്ലകൽ ദേശീയ പാതയിൽ നിർബാധ സഞ്ചാരം ഭാഗികമായി തടയുകയും ആയത് സമ്പൂർണ്ണമായി തടയുന്നതിന് ശ്രമം നടക്കുന്നുവെന്ന ആശങ്ക ഉയരുകയും ചെയ്ത സാഹചര്യത്തിൽ നിർബാധ സഞ്ചാര സ്വാതന്ത്ര്യം പുന:സ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാർ നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) & (ഡി) ബന്ദിപ്പൂർ വനത്തിലൂടെ കടന്നു പോകുന്ന എൻ.എച്ച് 766 ൽ 2009 ലെ കർണ്ണാടക സർക്കാർ ഉത്തരവ് പ്രകാരം രാത്രി 9 മണിമുതൽ രാവിലെ 6 മണിവരെ വാഹന ഗതാഗത നിരോധനം നടപ്പിലാക്കുകയുണ്ടായി. സംസ്ഥാന സർക്കാർ കക്ഷിയായി ഇതിനെതിരെ ബഹു. സുപ്രീം കോടതിയിൽ വിവിധ കേസുകൾ ഫയൽ ചെയ്തിരുന്നുവെങ്കിലും നിരോധനം പിൻവലിക്കുക യുണ്ടായില്ല. വനത്തിലൂടെ കടന്നു പോകുന്ന എൻ.എച്ച് 766 ൽ പൂർണ്ണമായി ഗതാഗത നിരോധനം ഇതു വരെ നടപ്പിൽ വരുത്തിയിട്ടില്ല.പാതയിൽ നിർബാധ സഞ്ചാരം ഉറപ്പുവരുത്തുന്നതിന് കർണാടക സംസ്ഥാനവുമായും കേന്ദ്രസർക്കാരുമായും നിരന്തരം ബന്ധപ്പെട്ടുന്നുണ്ട്.

(ഡി) വന്യജീവി സങ്കേതത്തിലൂടെ കടന്ന് പോകുന്ന ഭാഗത്ത് എലിവേറ്റഡ് പാത നിർമ്മിച്ച്

സഞ്ചാര നിരോധനം ഒഴിവാക്കണമെന്നും അതിന് വേണ്ടിവരുന്ന ചെലവിൽ പകുതി സംസ്ഥാനം വഹിക്കാമെ-ന്നുമുള്ള നിർദ്ദേശത്തോട് കർണാടക സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും പ്രതികരണം എന്താണെന്ന് അറിയിക്കാമോ?

സെക്ഷൻ ഓഫീസർ